പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1015

06-06-2018 ലെ
മറുപടി

## ജലസംരക്ഷണ പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാജേഷ്<br>ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.കെ.ഡി. പ്രസേനൻ** | | **മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഹരിത കേരളം മിഷന്റെ ഭാഗമായുള്ള ജലസംരക്ഷണ പദ്ധതികളിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നീർത്തടാടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണവും മാലിന്യമുക്തമാക്കലും പ്രവൃത്തി, തോടുകളുടെ സംരക്ഷണം, നദികളുടെ നീരൊഴുക്ക് സുഗമമാക്കുന്നതിനും ഭൂജലവർദ്ധനവിനുമുള്ള തടയണകളുടെ നിർമ്മാണം, മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുള്ള ജലസേചന അടിസ്ഥാന സൗകര്യ നിർമ്മിതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവയാണ് പ്രധാനമായും 2017-18 വർഷത്തിൽ ഏറ്റെടുത്തിട്ടുള്ളത്. ഇതോടൊപ്പം നദികളുടെ നീരൊഴുക്ക് പുന:സ്ഥാപിക്കുന്നതിനും, പുനർ സംയോജനത്തിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>ജലസംഭരണികളുടെ നിർമ്മാണവും പരിപാലനവും കനാലുകൾ വഴി നിലവിലുള്ള ജലസ്രോതസ്സുകളുടെ റീചാർജ്ജിംഗ് തുടങ്ങിയ പ്രവൃത്തികളും ഹരിതകേരളം മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ കൃഷി വകുപ്പുമായി ചേർന്ന് തരിശുനില കൃഷിയ്ക്ക് ആവശ്യമായ ജലം എത്തിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്തിട്ടുണ്ട്. ഭൂജലവകുപ്പ് വഴി റീചാർജ്ജിംഗ് പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നിലവിൽ പൂർത്തിയാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 2017-18 സാമ്പത്തിക വർഷത്തിൽ ഹരിതകേരളം ഹെഡിൽ 22.11 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കുളങ്ങളുടെ പുനരുദ്ധാരണം, ചെക്ക്ഡാം/വി.സി.ബി.കളുടെ നിർമ്മാണം, നീർത്തടാധിഷ്ഠിത പദ്ധതികൾ മുതലായവ ഉൾപ്പെടുന്നു. ഈ പ്രവൃത്തികൾ നടപ്പിലാക്കുന്ന നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | ഏതെല്ലാം ജലസംരക്ഷണ പ്രവർത്തനങ്ങളാണ് കുടുംബശ്രീയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ; | (സി) | ജലസേചന വകുപ്പ്, ഹരിതകേരളം മിഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ കുടുംബശ്രീ സഹകരണം നേരിട്ട് വരുന്നില്ല. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നീർച്ചാലുകളുടെയും കുളങ്ങളുടെയും സംരക്ഷണം, കനാലുകളുടെ ശുചീകരണം തുടങ്ങി നിരവധി ജലസംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. |
| (ഡി) | വരട്ടാർ പുനരുജ്ജീവന പദ്ധതിക്ക് സമാനമായ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | വരട്ടാർ എന്ന നദി നീരൊഴുക്ക് നിലച്ച ഒന്നായിരുന്നു. അതുകൊണ്ടുതന്നെ വരട്ടാർ പുനരുജ്ജീവനത്തിന് സ്വീകരിച്ച സമീപനം ഒരു പരിധിവരെ മറ്റിടങ്ങളിൽ പകർത്തുന്നതിന് സാങ്കേതിക പരിമിതികളുണ്ട്. എന്നാൽ, മീനന്തല കൊട്ടൂരാർ-മീനച്ചിലാർ നദീ പുനർ സംയോജനം, കാനാമ്പുഴയാർ പുനരുജ്ജീവനം, കാട്ടാക്കട നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന "ജലസമൃദ്ധി" തുടങ്ങിയവ മറ്റിടങ്ങളിൽ പ്രാവർത്തികമാക്കാൻ കഴിയുന്നവയാണ്.<br>വരട്ടാർ പുനരുജ്ജീവനത്തോടൊപ്പം ജനകീയമായി കാനാമ്പുഴ അതിജീവന പദ്ധതി, മീനച്ചിലാർ, മീനന്തലയാർ പുനസംയോജന പദ്ധതി, പള്ളിക്കലാർ ശുചീകരണം, കോലറയാർ പുനരുദ്ധാരണം, കിള്ളിയാർ ശുചീകരണം, തൃശ്ശൂർ പെരുംതോട് നവീകരണം, ഇടുക്കിയിലെ വടക്കെപ്പുഴ, മുട്ടം പരപ്പത്തോട്, കോഴിക്കോട് ജില്ലയിലെ പൂനൂർ പുഴ ശുദ്ധീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഇതിന്റെ രണ്ടാം ഘട്ടമായി ഈ ജലസ്രോതസ്സുകൾ സുസ്ഥിരമായി നിലനിൽക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**